Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

58/എം/2019/കെ.എസ്.എച്ച്.ഓ. 06.04.2019

## പരിപത്രം

**വിഷയം: കുടുംബശ്രീ – അയൽക്കൂട്ടം, എ.ഡി.എസ്സ്., സി.ഡി.എസ്സ്. ത്രിതല യൂണിറ്റുകളുടെ പെർഫോമൻസ് വിലയിരുത്തലും ഗ്രേഡിംഗും – നിർവ്വഹണം – സംബന്ധിച്ച്**

കുടുംബശ്രീ അയൽക്കൂട്ട വർഷാചരണത്തിന്റെ ഭാഗമായി 2018–2019 സാമ്പത്തിക വർഷത്തെ ഒരു പ്രധാന പ്രവർത്തനമാണ് ത്രിതല യൂണിറ്റുകളുടെ (അയൽക്കൂട്ടം, എ.ഡി.എസ്സ്., സി.ഡി.എസ്സ്.) പെർഫോമൻസ് വിലയിരുത്തലും ഗ്രേഡിംഗും. കുടുംബശ്രീ പ്രവർത്തനങ്ങൾ എത്രത്തോളം താഴെത്തട്ടിൽ എത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കുക, അയൽക്കൂട്ടങ്ങൾ എന്തെല്ലാം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നുണ്ടെന്ന് മനസ്സിലാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടൊപ്പം സി.ഡി.എസ്സ്., എ.ഡി.എസ്സ്., അയൽക്കൂട്ടം എന്നീ ത്രിതല യൂണിറ്റുകളെ വിലയിരുത്തി കുടുംബശ്രീ സംഘടന സംവിധാനങ്ങളെ പൊതുവെ ശാക്തീകരിക്കുന്നതുമായ പരിപാടിയാണ് ഗ്രേഡിംഗ്. ഗ്രേഡിംഗിന് ശേഷം മാർഗ്ഗദർശി (മെന്റർ) സി.ഡി.എസ്സുകളെയും എ.ഡി.എസ്സുകളെയും അയൽക്കൂട്ടങ്ങളെയും കണ്ടെത്തുകയും ഇപ്രകാരം കണ്ടെത്തിയ മെന്റർ അയൽക്കൂട്ടം, എ.ഡി.എസ്സ്., സി.ഡി.എസ്സുകളെ ഉപയോഗിച്ച് പെർഫോർമൻസ് കുറവായ അയൽക്കൂട്ടങ്ങളെയും സി.ഡി.എസ്സുകളെയും എ.ഡി.എസ്സുകളെയും ഉയർത്തിക്കൊണ്ടു വരിക എന്നതും ഈ പരിപാടിയുടെ ലക്ഷ്യമാണ്.

സി.ഡി.എസ്സ്. സംവിധാനത്തെ കുടുംബശ്രീ ജില്ലാമിഷൻ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലും എ.ഡി.എസ്സ്. സംവിധാനത്തെ പരിശീലന ഗ്രൂപ്പുകളുടെ/റിസോർസ് പേഴ്സൺമാരുടെ നേതൃത്വത്തിലും അയൽക്കൂട്ടം സ്വയം വിലയിരുത്തലിന് ശേഷം 80% –ലധികം മാർക്ക് ലഭ്യമായവയെ പരിശീലന ഗ്രൂപ്പുകളുടെ/റിസോർസ് പേഴ്സൺമാരുടെ നേതൃത്വത്തിലുമാണ് വിലയിരുത്തി ഗ്രേഡ് ചെയ്യുന്നത്. ഇതിനായി കുടുംബശ്രീയുടെ പരിശീലന ഗ്രൂപ്പംഗങ്ങളുടെ/റിസോർസ് പേഴ്സൺമാരുടെ പരിശീലന പരിപാടി **2019 മെയ് 04–ന്** മുൻപായി എല്ലാ ജില്ലകളിലും സംഘടിപ്പിക്കണം. ഒന്നരമാസക്കാലം തുടർച്ചയായി സി.ഡി.എസ്സുകളുടെയും എ.ഡി.എസ്സുകളുടെയും അയൽക്കൂട്ടങ്ങളുടെയും വിലയിരുത്തലും മാർഗ്ഗദർശി (മെന്റർ) സി.ഡി.എസ്സുകളെയും എ.ഡി.എസ്സുകളെയും അയൽക്കൂട്ടങ്ങളെയും കണ്ടെത്തുകയും ചെയ്യുന്ന വിപുലമായ പരിപാടിയാണ് നടക്കുന്നത്. ഇതിനെത്തുടർന്ന് മെന്റർ സി.ഡി.എസ്സുകളുടെയും എ.ഡി.എസ്സുകളുടെയും അയൽക്കൂട്ടങ്ങളുടെയും പരിശീലന പരിപാടികളും ആരംഭിക്കേണ്ടതുണ്ട്.



TRIDA Building, Medical College PO, Thiruvananthapuram 695011
T. 0471 255 4714, 255 4715, 0471 255 4716, 0471 255 4717
info@kudumbashree.org www.kudumbashree.org

കുടുംബശ്രീ സംഘടന സംവിധാനങ്ങളെ ശാക്തീകരിക്കുന്നതിനുള്ള ഈ പ്രവർത്തനങ്ങൾ കുടുംബശ്രീയുടെ എല്ലാ ഘടകങ്ങളും സർവ്വാത്മനാ ഏറ്റെടുത്ത് വിജയിപ്പിക്കണം. ഇക്കാര്യത്തിൽ ഓരോ തലത്തിന്റെയും പ്രത്യേക ചുമതലകളും സമയ ക്രമവും താഴെച്ചേർക്കുന്നു.

**A. ഗ്രേഡിംഗ് സമയക്രമം**

1. വിലയിരുത്തൽ ഫോറം ജില്ലാ മിഷൻ ടീമിനെ (എ.ഡി.എം.സി., ഡി.പി.എം.) പരിചയപ്പെടുത്തതിന് വേണ്ടി **ഏപ്രിൽ ആദ്യ വാരം** സംസഥാനത്തലത്തിൽ ഏകദിന ശിൽപശാല സംഘടിപ്പിക്കും. (ഓർഗനൈസേഷൻ റോൾ ഔട്ട് ശില്പശാലയുടെ കൂടെ പ്രസ്തുത പരിപാടി സംഘടിപ്പിച്ചു.)
2. ആദ്യമായി സി.ഡി.എസ്സ് ഗ്രേഡിംഗ് നടത്തണം ഇത് ജില്ലാ മിഷൻ നേരിട്ടാണ് നടത്തേണ്ടത്. എ.ഡി.എം.സി, ഡി.പി.എം, ബി.സി. എന്നിവർ ടീമായി ബ്ലോക്ക് തിരിച്ച് സി.ഡി.എസ്സുകളുടെ ചുമതല ഏറ്റെടുക്കുകയും **2019 മെയ് 10-ന് മുമ്പ്** ഗ്രേഡിംഗ് പൂർത്തീകരിക്കേണ്ടതുമാണ്.
3. ഗ്രേഡിംഗ് പൂർത്തീകരിക്കുന്ന മുറക്ക് സി.ഡി.എസ്സ് ഗ്രേഡിംഗിന് ലഭ്യമായ മാർക്ക് ഡേറ്റാ എൻട്രി നടത്തേണ്ടതാണ്. ആവശ്യമെങ്കിൽ ഒരു ആർ.പിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.
4. വിലയിരുത്തൽ ഫോറം സർക്കുലർ എന്നിവ ജില്ലകളിൽ ലഭിച്ചതിനു ശേഷം **മെയ് 04-ന് മുമ്പ്** പരിശീലന ഗ്രൂപ്പുകളുടെ/റിസോർസ് പേഴ്സൺമാരുടെ പരിശീലനം ജില്ലാതലത്തിൽ നടത്തണം.
5. പരിശീലനം ലഭിച്ച പരിശീലന ഗ്രൂപ്പ്/റിസോഴ്സ് പേഴ്സൺമാരും ജില്ലാ മിഷൻ ടീമിന്റെയും കൂടിയിരുപ്പ് യോഗം **മെയ് 04-ന് മുമ്പ്.** (ജില്ലാതല പരിശീലനത്തോടൊപ്പം കൂടിയിരിപ്പ് നടത്താവുന്നതാണ്)
6. സി.ഡി.എസ്. ചെയർപേഴ്സൺമാരുടെ പ്രത്യേക ജില്ലാതല യോഗം **മെയ് 04-ന് മുമ്പ്**. പ്രസ്തുത യോഗത്തിൽ **സി.ഡി.എസ്സിൽ നിന്നും ക്ലാസുകൾ കൈകാര്യം ചെയ്യാൻ സാധിക്കുന്ന ഒരു റിസോഴ്സ്പേഴ്സനെ കൂടി പങ്കെടുപ്പിക്കേണ്ടതാണ്.** പ്രസ്തുത റിസോഴ്സ്പേഴ്സന്റെയും ചെയർപേഴ്സന്റെയും നേതൃത്വത്തിൽ ആയിക്കണം സി.ഡി.എസ്സ്/വാർഡ് തലത്തിൽ അയൽക്കൂട്ടങ്ങൾക്ക് പരിശീലനം നൽകേണ്ടത്.
7. അയൽക്കൂട്ട സെക്രട്ടറി, പ്രസിഡന്റ് എന്നിവർക്ക് അര ദിവസത്തെ ഗ്രഡേഷൻ ഫോറം പരിചയപ്പെടുത്തൽ എ.ഡി.എസ്.തലത്തിൽ **മെയ് -10ന് മുമ്പ്.**
8. അയൽക്കൂട്ടാംഗങ്ങൾ **2019 മെയ് 11, 12 തീയതികളിലെ അയൽക്കൂട്ട യോഗത്തിൽ** പരിശീലനത്തിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്വയം വിലയിരുത്തൽ നടത്തുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യണം. **2019 മെയ് 12-ന് മുമ്പ് അയൽക്കൂട്ടം സ്വയം വിലയിരുത്തൽ പൂർത്തീകരിക്കണം.**
9. അയൽക്കൂട്ടം സ്വയം വിലയിരുത്തൽ പൂർത്തീകരിച്ചതിന് ശേഷം എ.ഡി.എസ്. പ്രസ്തുത ഫോറങ്ങൾ **2019 മെയ് 13-ന് മുൻപ്** ശേഖരിച്ച് ഡേറ്റാ എൻട്രിക്കായി സി.ഡി.എസ്സിന് ലഭ്യമാക്കേണ്ടതാണ്.

10. സി.ഡി.എസ്സ്. ഇപ്രകാരം ലഭ്യമാകുന്ന ഫോറങ്ങൾ പരിശീലന ഗ്രൂപ്പ്/ആർ.പിയുടെ നേതൃത്വത്തിൽ **2019 മെയ് 15-ന് മുൻപ്** ഡേറ്റാ എൻട്രി നടത്തണം. ഇതിനായി സംസ്ഥാന മിഷൻ പ്രത്യേകം സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ട്.
11. അയൽക്കൂട്ടത്തിന്റെ സ്വയം വിലയിരുത്തലിൽ 80% ൽ കൂടുതൽ മാർക്ക് വാങ്ങിയ അയൽക്കൂട്ടങ്ങളെ പരിശീലന ഗ്രൂപ്പ്/ആർ.പിയുടെ സഹായത്താൽ **2019 മെയ് 27-ന് മുൻപ്** പങ്കാളിത്ത വിലയിരുത്തൽ നടത്തേണ്ടതാണ്.
12. അയൽക്കൂട്ട ഗ്രേഡിംഗിന് ശേഷം **2019 മെയ് 31-ന് മുൻപ്** എ.ഡി.എസ് ഗ്രേഡിംഗ് പൂർത്തീകരിക്കണം. ഒരു ദിവസം നിശ്ചിത സ്ഥലത്ത് പരമാവധി 10 എ.ഡി.എസ്സുകളുടെ ഗ്രേഡിംഗ് നടത്തേണ്ടതാണ്. പരിശീലന ഗ്രൂപ്പ്/ആർ.പിയുടെ സഹായത്താലാണ് ഗ്രേഡിംഗ് നടത്തേണ്ടത്.
13. എ.ഡി.എസ് ഗ്രേഡിംഗിന് ശേഷം ഫോറങ്ങൾ സി.ഡി.എസ്സിന് ലഭ്യമാക്കുകയും പരിശീലന ഗ്രൂപ്പ്/ആർ.പിയുടെ നേതൃത്വത്തിൽ **2019 മെയ് 31-ന് മുൻപ്** ഡേറ്റാ എൻട്രി നടത്തുകയും ചെയ്യണം.

**B. ഗ്രേഡിംഗ് ക്യാമ്പയിൻ – ചുമതലകൾ**

**1. സംസ്ഥാന മിഷൻ**

- മാർച്ച് 30-നുള്ളിൽ കോർ ടീമംഗങ്ങളുടെ കൂടിയിരുപ്പിലൂടെ വിലയിരുത്തൽ ഫോർമാറ്റുകൾക്കും പരിപാടികൾക്കും അന്തിമ രൂപം നൽകി ജില്ലകളിൽ പ്രിന്റ് ചെയ്ത് ടീമംഗങ്ങൾക്ക് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.
- വിലയിരുത്തൽ ഫോറങ്ങൾ ജില്ലാ മിഷൻ ടീമിനെ പരിചയപ്പെടുത്തതിന് വേണ്ടി ഏകദിന ശിൽപശാല **ഏപ്രിൽ ആദ്യ വാരം** സംസ്ഥാനതലത്തിൽ സംഘടിപ്പിക്കും. (ഓർഗനൈസേഷൻ റോൾ ഔട്ട് ശില്പശാലയുടെ കൂടെ പ്രസ്തുത പരിപാടി സംഘടിപ്പിച്ചു.)
- ഗ്രേഡിംഗ് പ്രവർത്തനങ്ങൾക്ക് മതിയായ ഫണ്ട്/നിർദ്ദേശങ്ങൾ/ഉത്തരവുകൾ ജില്ലാ മിഷന് ലഭ്യമാക്കൽ.
- പൂരിപ്പിച്ച ഗ്രേഡിംഗ് ഫോർമാറ്റുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനാവശ്യമായ സോഫ്റ്റ്‌വെയർ തയ്യാറാക്കുക.

**2. ജില്ലാ മിഷൻ**

- ജില്ലാതലത്തിൽ പരിശീലന ഗ്രൂപ്പംഗങ്ങൾക്ക്/റിസോർഴ്സ് പേഴ്സൺമാർക്ക് പരിശീലനം നൽകുക.
- പരിശീലനാനന്തര ജില്ലാതല കൂടിയിരുപ്പ് – ജില്ലാ മിഷൻ ടീമിന്റേയും പരിശീലനം നേടിയ വിലയിരുത്തൽ ടീം അംഗങ്ങളുടെയും സംയുക്ത യോഗം വിളിച്ചു ചേർത്ത് ഗ്രേഡിംഗ് പ്രവർത്തനങ്ങളുടെ സമ്പൂർണ്ണമായ നിർവ്വഹണ കലണ്ടർ ചർച്ച ചെയ്ത് തീരുമാനിക്കുക.
- മോക്ക് ഗ്രേഡിംഗ് പ്രവർത്തനം ജില്ലാതല കൂടിയിരിപ്പിനോടൊപ്പം നടത്തേണ്ടതാണ്.

- സി.ഡി.എസ്. ചെയർപേഴ്സൺമാരുടെ പ്രത്യേക യോഗം വിളിച്ചു ചേർത്ത് നിർവ്വഹണ കലണ്ടർ ബോധ്യപ്പെടുത്തലും സുഗമമായ നിർവ്വഹണം ഉറപ്പാക്കലും. നിർവ്വഹണ കലണ്ടർ സംസ്ഥാനമിഷന് ലഭ്യമാക്കണം.
- ആവശ്യമായ മെറ്റീരിയൽ പ്രിന്റ് ചെയ്ത് മതിയായ അളവിൽ ഗ്രേഡിംഗ് ടീം അംഗങ്ങൾക്ക് ലഭ്യമാക്കലും നിർവ്വഹണ മേൽനോട്ടം വഹിക്കലും.
- ജില്ലാമിഷൻ എ.ഡി.എം.സി., ഡി.പി.എം., ബി.സി. എന്നിവർ ടീമായി ബ്ലോക്ക് തിരിച്ച് സി.ഡി.എസ്സ് വിഭജിച്ചെടുക്കലും സി.ഡി.എസ്സ് ഗ്രേഡിംഗ് പൂർത്തീകരിക്കലും.
- കൂടാതെ എ.ഡി.എസ്സ്., അയൽക്കൂട്ടം എന്നിവ വിലയിരുത്താനുള്ള പരിശീലന ഗ്രൂപ്പ് അംഗങ്ങളെ/ റിസോർഴ്സ് പേഴ്സൺമാരെ ഓരോ ഗ്രേഡിംഗ് ഘട്ടത്തിലും മോണിറ്റർ ചെയ്യണം.
- എ.ഡി.എസ്സ്., അയൽക്കൂട്ടം ഗ്രേഡിംഗിന് ഓരോ ഗ്രേഡിംഗ് ടീമിലും രണ്ട് അംഗങ്ങൾ വീതം ഉണ്ടെന്ന് ഉറപ്പാക്കൽ.
- മതിയായ കരാറിന്റേയും രേഖകളുടെയും വെളിച്ചത്തിൽ പരിശീലന ഗ്രൂപ്പുകൾക്ക് മുൻകൂർ തുകയും പരിശീലനാനന്തരം നൽകേണ്ട ഫീസും ലഭ്യമാക്കൽ.

3. **സി.ഡി.എസ്സ്.**

- അയൽക്കൂട്ടങ്ങളുടെ സ്വയം വിലയിരുത്തൽ പ്രവർത്തനത്തിന് ആവശ്യമായ പരിശീലനം അയൽക്കൂട്ടങ്ങൾക്ക് നൽകലും സ്വയം വിലയിരുത്തൽ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ അയൽക്കൂട്ടങ്ങൾക്ക് നൽകലും.
- അയൽക്കൂട്ടങ്ങളുടെ സ്വയം വിലയിരുത്തൽ പ്രവർത്തനത്തിൽ 80%-ൽ കൂടുതൽ മാർക്ക് നേടിയ അയൽക്കൂട്ടങ്ങളുടെ എ.ഡി.എസ്സ്. അടിസ്ഥാനത്തിലുള്ള പട്ടിക തയ്യാറാക്കി സൂക്ഷിക്കലും ഗ്രേഡിംഗ് ടീമിനു ലഭ്യമാക്കലും.
- സി.ഡി.എസ്സ്തലത്തിലെ എ.ഡി.എസ്സ്., അയൽക്കൂട്ടം ഗ്രേഡിംഗ് നിർവ്വഹണത്തിന് അവസാന രൂപം നൽകൽ.
- ഗ്രേഡിംഗ് ടീം അംഗങ്ങളുടെ സഹായത്തോടെ വിലയിരുത്തലിന് ആവശ്യമായ അന്തരീക്ഷം സൃഷ്ടിക്കൽ.
- 80% ൽ കൂടുതൽ മാർക്ക് നേടിയ അയൽക്കൂട്ടങ്ങളെ രാവിലെയും ഉച്ചയ്ക്കുമായി 10 വീതം അയൽക്കൂട്ടങ്ങളെ (20 അംഗങ്ങൾക്ക്) ഗ്രേഡിംഗ് നടത്തുന്നതിനായി അറിയിപ്പ് നൽകേണ്ടതാണ്.
- രാവിലെയും ഉച്ചയ്ക്കുമായി 10 എ.ഡി.എസ്സുകൾ വീതം (20 അംഗങ്ങൾക്ക്) ഗ്രേഡിംഗിന് വിധേയമാകുന്നതിനുള്ള അറിയിപ്പുകൾ യഥാസമയം നൽകലും കൂടിയിരുപ്പിനുള്ള സ്ഥലവും സൗകര്യങ്ങളും ഒരുക്കലും.
- ഗ്രേഡിംഗിന് വരുന്നവരുടെ കൈവശം അവരവരുടെ യൂണിറ്റിന്റെ എല്ലാവിധ പ്രസക്ത രേഖകളും രജിസ്റ്ററുകളും ഫയലുകളും (ഏറ്റവും ചുരുങ്ങിയത് കഴിഞ്ഞ 3 വർഷത്തേത്) ഉണ്ടെന്ന് ഉറപ്പുവരുത്തൽ.

- എ.ഡി.എസ്സിന്റേയും എൻ.എച്ച്.ജിയുടെയും ഗ്രേഡിംഗിന് മേൽനോട്ടം വഹിക്കൽ.
- ഗ്രേഡിംഗ് സമയത്ത് കുടിവെള്ളം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉറപ്പാക്കൽ.
- ഗ്രേഡിംഗ് പൂർത്തീകരിക്കുന്ന മുറക്ക് അയൽക്കൂട്ടങ്ങളുടെയും എ.ഡി.എസ്സിന്റെയും ഫോറങ്ങൾ തിരികെ ലഭ്യമാക്കി ഡേറ്റാ എൻട്രി പൂർത്തീകരിക്കൽ.
- മെന്റർ അയൽക്കൂട്ട തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കൽ.

4. എ.ഡി.എസ്സ്.

- നിശ്ചിത സ്ഥലത്തും തീയതിക്കും സമയത്തും വിലയിരുത്തലിനു ഹാജരാകൽ.
- സ്വന്തം യൂണിറ്റിന്റെ നാളിതുവരെയുള്ള എല്ലാവിധ രേഖകളും രജിസ്റ്ററുകളും ഫയലുകളും ഗ്രേഡിംഗിന് ഹാജരാക്കൽ. (ഏറ്റവും ചുരുങ്ങിയത് കഴിഞ്ഞ 3 വർഷങ്ങളിലേതുൾപ്പെടെ)
- ആവശ്യമായ മുന്നൊരുക്കത്തോടെ എ.ഡി.എസ്സിന്റെ സെക്രട്ടറിയും ചെയർപേഴ്സണും ഹാജരാകുന്നുവെന്ന് ഉറപ്പാക്കൽ. സെക്രട്ടറിയുടെ ഹാജർ നിർബന്ധമാണ്.
- സ്വയം വിലയിരുത്തൽ നടത്തിയ അയൽക്കൂട്ടങ്ങളുടെ ഫോർമാറ്റുകൾ തിരികെ വാങ്ങി ഡേറ്റാ എൻട്രി ചെയ്യുന്നതിനായി സി.ഡി.എസ്സിന് നൽകുക.
- അയൽക്കൂട്ട സ്വയംവിലയിരുത്തലിന്റെ ഭാഗമായി 80%-ൽ കൂടുതൽ മാർക്ക് നേടിയ അയൽക്കൂട്ടങ്ങളുടെ പട്ടിക സിഡിഎസ്സിനും ഗ്രേഡേഷൻ ടീമിനും ലഭ്യമാക്കിയതായി ഉറപ്പാക്കലും ബന്ധപ്പെട്ട അയൽക്കൂട്ടങ്ങളെ കൃത്യമായ അറിയിപ്പ് നൽകി പങ്കെടുപ്പിക്കലും
- മെന്റർ അയൽക്കൂട്ട തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കൽ

5. **അയൽക്കൂട്ടങ്ങൾ**

- **2019 മെയ് 12-ന് മുമ്പ്** ചേരുന്ന അയൽക്കൂട്ട യോഗത്തിൽ ഇതോടൊപ്പം അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്തിരിക്കുന്ന വിലയിരുത്തൽ ഫോർമാറ്റ് ഉപയോഗിച്ച് അയൽക്കൂട്ടങ്ങൾ സ്വയം വിലയിരുത്തേണ്ടതാണ്.
- ഇപ്രകാരം സ്വയം വിലയിരുത്തൽ നടത്തിയ അയൽക്കൂട്ടങ്ങളുടെ ഫോർമാറ്റുകൾ എ.ഡി.എസ്. തിരികെ വാങ്ങി സി.ഡി.എസ്.തലത്തിൽ ഡേറ്റാ എൻട്രി ചെയേണ്ടതാണ്. കുടുംബശ്രീ പരിശീലന ഗ്രൂപ്പ് അംഗങ്ങളെ/റിസോഴ്സ് പേഴ്സൺമാരെ ഡേറ്റാ എൻട്രിയ്ക്കായി ചുമതലപ്പെടുത്തേണ്ടതാണ്.
- സ്വയം വിലയിരുത്തലിൽ 80% ഉം അതിന് മുകളിലും മാർക്ക് ലഭ്യമായ അയൽക്കൂട്ടങ്ങളെ കുടുംബശ്രീ പരിശീലന ഗ്രൂപ്പുകളുടെ/റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ ഒരിക്കൽ കൂടി വിലയിരുത്തേണ്ടതാണ്.

- വിലയിരുത്തലിനു നിശ്ചയിക്കപ്പെടുന്ന സ്ഥലത്തും തീയതിക്കും കൃത്യ സമയത്തും കൈവശം സൂക്ഷിച്ചിരിക്കേണ്ട എല്ലാവിധ രേഖകളും ഫയലുകളും രജിസ്റ്ററുകളും അടക്കം (ഏറ്റവും ചുരുങ്ങിയത് കഴിഞ്ഞ 3 വർഷങ്ങളിലേതുൾപ്പെടെ) ഹാജരാകണം.
- അയൽക്കൂട്ടം സെക്രട്ടറിയും പ്രസിഡന്റുമാണ് ഹാജരാകേണ്ടത്. സെക്രട്ടറിയുടെ പങ്കാളിത്തം അനിവാര്യമാണ്.
- ഇപ്രകാരം വിലയിരുത്തലിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭ്യമാകുന്ന അയൽക്കൂട്ടങ്ങളെ മെന്റർ അയൽക്കൂട്ടങ്ങളായി തെരഞ്ഞെടുക്കണം.

C. **ഗ്രഡേഷൻ രീതി**

1. **സി.ഡി.എസ്. ഗ്രഡേഷൻ**

എ.ഡി.എം.സി., ഡി.പി.എം., ബി.സി. ഉൾപ്പെടുന്ന വിലയിരുത്തൽ ടീമും ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ ഉൾപ്പെടെയുള്ള 5 ഉപസമിതി കൺവീനർമാർ, മെമ്പർ സെക്രട്ടറി, അക്കൗണ്ടന്റ് എന്നിങ്ങനെ 8 അംഗങ്ങളുള്ള സി.ഡി.എസ്. ടീമും തമ്മിലുള്ള അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ ഉഭയസമ്മത പ്രകാരമുള്ള മാർക്ക്, ഗ്രേഡിംഗ് ഷീറ്റിലെ അനുയോജ്യ കോളങ്ങളിൽ രേഖപ്പെടുത്തണം. വിലയിരുത്തൽ ഫോർമാറ്റിൽ ഇരുടീം അംഗങ്ങളുടെയും കൈയൊപ്പോടെ ഗ്രേഡിംഗ് ടീം അംഗങ്ങൾ വാങ്ങി സൂക്ഷിക്കണം. ഒരു സി.ഡി.എസ്. ടീമുമായി ഗ്രഡേഷൻ അഭിമുഖത്തിന് എടുക്കാവുന്ന പരമാവധി സമയം 3 മണിക്കൂറുള്ള അര ദിവസമാണ്.

2. **എ.ഡി.എസ്. ഗ്രഡേഷൻ**

പരിശീലന ഗ്രൂപ്പ് അംഗങ്ങൾ/റിസോഴ്സ് പേഴ്സൺമാർ ഉൾപ്പെടുന്ന രണ്ടംഗ ഗ്രഡേഷൻ ടീമും 6–ൽ കുറയാത്തതും 10–ൽ കവിയാത്തതുമായ എഡിഎസ്സുകളിൽ നിന്നുള്ള പരമാവധി 20 അംഗങ്ങളും തമ്മിലുള്ള അഭിമുഖത്തിലൂടെ ഓരോ എഡിഎസ്സിനും നൽകുന്ന ഫോർമാറ്റിൽ ഉഭയസമ്മത പ്രകാരം മാർക്കിടുന്നു. ഓരോ എഡിഎസ്സ് ഭരണസമിതിയിൽ നിന്നും രണ്ടംഗങ്ങളാണ് ഗ്രേഡിംഗിന് ഹാജരാകേണ്ടത് – ചെയർപേഴ്സണും, സെക്രട്ടറിയും. ഓരോ വിഷയത്തിന്റെയും വിശദീകരണ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് ഓരോ എഡിഎസ്സിന്റെയും മാർക്കുകൾ തീരുമാനിച്ച് രേഖപ്പെടുത്തേണ്ടത്. ബന്ധപ്പെട്ട എഡിഎസ് ടീം ഒപ്പിട്ട ഗ്രഡേഷൻ ഫോറം ഗ്രേഡിംഗ് ടീം തന്നെ കൈവശം സൂക്ഷിച്ച് ഡേറ്റാ എൻട്രി ചെയ്ത് ജില്ലാ മിഷനിൽ ഏൽപ്പിക്കണം.

3. **അയൽക്കൂട്ടങ്ങളുടെ ഗ്രഡേഷൻ**

അയൽക്കൂട്ട ഗ്രേഡിംഗിന്റെ ആദ്യ ഘട്ടം അയൽക്കൂട്ടങ്ങളുടെ തന്നെ സ്വയം വിലയിരുത്തൽ ആണ്. **2019 മെയ് 12-ന് മുമ്പ്** ചേരുന്ന അയൽക്കൂട്ട യോഗത്തിൽ ഇതോടൊപ്പം അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്തിരിക്കുന്ന വിലയിരുത്തൽ ഫോർമാറ്റ് ഉപയോഗിച്ച് അയൽക്കൂട്ടങ്ങൾ സ്വയം വിലയിരുത്തൽ നടത്തേണ്ടതാണ്. ഇപ്രകാരം സ്വയം വിലയിരുത്തൽ നടത്തിയ അയൽക്കൂട്ടങ്ങളുടെ ഫോർമാറ്റുകൾ എ.ഡി.എസ്. തിരികെ വാങ്ങി സി.ഡി.എസ്.തലത്തിൽ ഡേറ്റാ എൻട്രി ചെയ്യേണ്ടതാണ്. സ്വയം വിലയിരുത്തലിൽ 80% ഉം അതിന് മുകളിലും മാർക്ക് ലഭ്യമായ അയൽക്കൂട്ടങ്ങളെ കുടുംബശ്രീ പരിശീലന ഗ്രൂപ്പുകളുടെ/റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ ഒരിക്കൽ കൂടി വിലയിരുത്തേണ്ടതാണ്.

എ.ഡി.എസ്സിന്റെ ഗ്രേഡിംഗിന് അനുവർത്തിച്ച അതേ രീതി തന്നെയാണ് ഇക്കാര്യത്തിലും സ്വീകരിക്കേണ്ടത്. സ്വയം വിലയിരുത്തൽ വേളയിൽ നേടിയ സ്കോറും ഈ പങ്കാളിത്ത വിലയിരുത്തലിൽ നേടിയ സ്കോറും തമ്മിലുള്ള വ്യത്യാസം പങ്കെടുത്ത ഓരോ അയൽക്കൂട്ടങ്ങളെയും ബോധ്യപ്പെടുത്തി ഗ്രേഡിംഗ് ഫോമിൽ നിർദ്ദിഷ്ട സ്ഥാനത്ത് ഒപ്പിടീക്കേണ്ടതും ഫോർമാറ്റുകളെല്ലാം ഗ്രേഡിംഗ് ടീം കൈവശം സൂക്ഷിച്ച് ഡേറ്റ എൻട്രി ചെയ്ത് ജില്ലയ്ക്ക് കൈമാറേണ്ടതുമാണ്.

**D. ഗ്രേഡിംഗ് പ്രവർത്തനങ്ങളെ സംബന്ധിച്ച ധനകാര്യ വിശകലനം (ടീം അംഗങ്ങൾക്ക് ലഭ്യമാക്കേണ്ട ഓണറേറിയവും ടി.എ.യും ഉൾപ്പെടെ)**

| ക്രമ നം. | ഇനങ്ങൾ | തുക |
|---|---|---|
| 1 | അര ദിവസത്തെ പരിശീലന ഗ്രൂപ്പുകളുടെ/റിസോഴ്സ് പേഴ്സൺമാരുടെ ജില്ലാതല കൂടിയിരുപ്പിന് ടീം അംഗത്തിന് ടി.എ. | 100/- രൂപ |
| 2 | അര ദിവസത്തെ അയൽക്കൂട്ടം, എ.ഡി.എസ്സ്. ഗ്രേഡിംഗ് (വിലയിരുത്തൽ) പ്രവർത്തനത്തിന് രണ്ട് പേരടങ്ങിയ ടീമിന് നൽകേണ്ട ഓണറേറിയം. | 500/- രൂപ |
| 3 | പ്രവർത്തന രംഗത്തുള്ള ഒന്നര മാസത്തേയ്ക്ക് ഒരു ടീമംഗത്തിന് പ്രത്യേക അലവൻസ് (ഡേറ്റാ എൻട്രി ഉൾപ്പെടെ) | 2000/- രൂപ |
| 4 | സി.ഡി.എസ്. തലത്തിൽ അയൽക്കൂട്ടങ്ങൾക് അര ദിവസത്തെ പരിശീലനം. (ഒരു ബാച്ചിൽ പരമാവധി 50 അയൽക്കൂട്ടങ്ങളെ അതായത് 100 പേരെ പങ്കെടുപ്പിക്കേണ്ടതാണ്) ഒരു ദിവസം രണ്ട് ബാച്ച് നടത്തണം | 15/- രൂപ (ഒരാൾക്ക് എന്ന നിരക്കിൽ) |
| 5 | സി.ഡി.എസ്. തലത്തിൽ അയൽക്കൂട്ടങ്ങൾക്ക് അര ദിവസത്തെ പരിശീലനം. സി.ഡി.എസ്സ്തല റിസോഴ്സ് പേഴ്സന് ഓണറേറിയം. (ഒരു ബാച്ചിന് 250/- രൂപ വച്ച് രണ്ട് ബാച്ചിന് 500/- രൂപ) | 500/- രൂപ |

ഗ്രേഡിംഗ് ഫോർമാറ്റുകൾ (അനുബന്ധം 1, 2, 3) ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർ കുടുംബശ്രീ പ്രിന്റിംഗ് യൂണിറ്റുകളെയോ ചട്ടപ്രകാരം ക്വൊട്ടേഷനുകൾ ക്ഷണിച്ച് അനുയോജ്യമായ സ്ഥാപനങ്ങളെയോ ചുമതലപ്പെടുത്തി പ്രിന്റ് ചെയ്ത് ഗ്രേഡിംഗ് ടീമിന് ലഭ്യമാക്കേണ്ടതാണ്.

ഗ്രേഡിംഗ് പ്രവർത്തങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് **എൻ.ആർ.എൽ.എം.ലെ B.2.2.5 ശീർഷകത്തിൽ** വകയിരുത്തേണ്ടതാണ്. ഗ്രേഡിംഗ് പ്രവർത്തനങ്ങൾ **ജൂൺ 01–നകത്തു** തന്നെ പൂർത്തീകരിക്കുന്നതിന് ഏവരുടെയും പ്രത്യേക ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്.

**(ഒപ്പ്)**

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

**എല്ലാ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും**

**പകർപ്പ്**

1. *എല്ലാ പ്രോഗ്രാം ഓഫീസർ/സി.ഓ.ഓ.*
2. *എല്ലാ പ്രോഗ്രാം മാനേജർമാർക്കും*
3. *എല്ലാ അസിസ്റ്റന്റ് പ്രോഗ്രാം മാനേജർമാർക്കും*
4. *കരുതൽ /അധികം*

***ഉത്തരവിൻ പ്രകാരം,***

***പ്രോഗ്രാം ഓഫീസർ (സംഘടന)***